LIBRARY ARCHIVES Kerala Legislative Assembly

അഹാഡ്സിന്റെ പ്രൊപ്പോസൽ

34(3317) ശ്രീ. വി. ശശി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സംസ്ഥാനതല അംഗീകാര സമിതിക്ക് (എസ്.എൽ.എസ്.സി.) 19-5-2012-ൽ സമർപ്പിച്ച പ്രൊപ്പോസലിൽ 556 ലക്ഷം രൂപയുടെ പദ്ധതികളുടെ നടപ്പാക്കൽ ഏജൻസി ആരാണ്;

(ബി) ഈ തുകയ്ക്ക് തയ്യാറാക്കിയ പദ്ധതികൾ ഏതെല്ലാം; ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി; ഇതിനായി ചെലവാക്കിയ തുകയെത്ര ; ഇതിന്റെ ഭൗതീക നേട്ടം വിലയിരുത്താമോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇതിൽ നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം- ഐ.പി.പി.ഇ. പരിശീലനം- ബ്ലോക്കുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

35 (3318) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം രാജ്യത്തെ 2500 തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക ബ്ലോക്കുകളിൽ കേന്ദ്രീകരിക്കുന്നതിനും അതിനായി ഇൻറൻസീവ് പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് എക്സർസൈസ് ഐ.പി.പി.ഇ. പരിശീലനം നടത്താനുള്ള കേന്ദ്രസർക്കാർ തീരുമാന പ്രകാരം സംസ്ഥാനത്ത് എത്ര ബ്ലോക്കുകളാണ് തെരഞ്ഞെടുക്കപ്പെട്ടത് എന്നും ഏത് മാനദണ്ഡം അനുസരിച്ചാണ് തെരഞ്ഞെടുത്തതെന്നും വിശദമാക്കാമോ ;

(ബി) ഐ.പി.പി.ഇ. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകൾ ജില്ലാടിസ്ഥാനത്തിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) ഏത് മാനദണ്ഡമനുസരിച്ചാണ് ഐ.പി.പി.ഇ. പരിശീലനം നടത്താനുള്ള കേന്ദ്രസർക്കാർ തീരുമാനപ്രകാരം സംസ്ഥാനത്ത് ബ്ലോക്കുകളെ തെരഞ്ഞെടുത്തതെന്ന് വിശദമാക്കാമോ ?